(Pages : 4) **N – 7506**

Reg. No. : ..............................

Name : ..................................

## Fourth Semester B.A./B.Sc. Degree Examination, August 2022

## First Degree Programme under CBCSS

## Language Course – Additional Language – Malayalam

## ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

## (2018 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ കൃതി ഏത്?

2. മലയാളത്തിലെ ആദ്യത്തെ മാസിക എന്നറിയപ്പെടുന്നത് ———— ആണ്.

3. തെറ്റില്ലാത്ത മലയാളം - ആരുടെ കൃതി?

4. വൃത്താന്തപത്രപ്രവർത്തനം രചിച്ചതാര്?

5. അനുഗ്രഹീതൻ, അനുഗൃഹീതൻ - ശരിയേത്?

6. സ്ത്രീ-പുരുഷഭേദമില്ലാത്ത നാമം ഏതു ലിംഗത്തിൽ ഉൾപ്പെടുത്താം?

7. വ്യാകരിപ്പ് എന്നാലെന്ത്?

8. വിവർത്തനം ചെയ്യുക

   Whatever you may do, you will not be able to save him.

9. ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

10. കഥയിൽ ചേർത്തു നൽകുന്ന ജീവിതതത്ത്വങ്ങൾ വളരെ പഴയ സമ്പ്രദായമാണ് - വാക്യശുദ്ധി വരുത്തുക.

**(10 × 1 = 10 Marks)**

II. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. ഭരണഭാഷ എന്നാലെന്ത്? ഇതിന്റെ പ്രയോജനങ്ങളെന്തെല്ലാം?

12. ശാസ്ത്രവിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ ഭാഷയിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

13. ലിംഗസമത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

14. കാവ്യപ്രചോദനത്തെക്കുറിച്ചുള്ള ഭാരതീയസങ്കൽപ്പം - കുറിപ്പെഴുതുക.

15. എള്ളു ചോരുന്നതേ കാണൂ, എണ്ണ ചോരുന്നതു കാണില്ല - ആശയമെന്ത്?

16. ബ്ലോഗിനെ ഡയറിയെഴുത്തെന്നു വിശേഷിപ്പിക്കാനാവുമോ? വിലയിരുത്തുക.

17. പ്രചോദനത്തെക്കുറിച്ച് എം.ടി. വാസുദേവൻ നായരുടെ അഭിപ്രായമെന്ത്?

18. ഒരു ജനസമൂഹത്തിൽ പഴഞ്ചൊല്ലുകൾക്കുള്ള പ്രാധാന്യം പരിശോധിക്കുക.

19. റേഡിയോ നാടകത്തിനുള്ള സവിശേഷതകൾ എന്തെല്ലാം?

20. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Once in a forest, there lived an ascetic who had a pet elephant whom he had reared since it was just a baby. But all his fellow hermits felt it was risky to have a wild elephant as a pet. One day the Bodhisattva, who was his teacher, told him, "My son, it was kind of you to rear this motherless elephant. But now that he has grown up and is strong enough to fend for himself, I will advise you to leave him on his own. Since we stay in the forest, the elephant is well acquainted with the wild. He may drop his benign nature and behave like a wild elephant at any moment."

But the stubborn ascetic laughed away his teacher's advice. One day, when all the hermits were away in a nearby village, the elephant was seized with frenzy. His master was the only one present in the forest and in a fit of madness, the elephant killed him.

21. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

ഇന്ത്യയിലെ ദേശീയപതാകയുടെ നിറങ്ങൾ കുങ്കുമം, വെള്ള, പച്ച എന്നിവയാണ്. 3 : 2 എന്ന അനുപാതത്തിലാണ് ഇതു നിർമ്മിക്കുന്നത്. കുങ്കുമനിറം മുകളിലും വെള്ളനിറം മധ്യഭാഗത്തും പച്ചനിറം താഴെയുമായാണ് ക്രമീകരിച്ചിരിക്കുന്നത്. മദ്ധ്യഭാഗത്തായി 24 ആരക്കാലുകളുള്ള അശോകചക്രം പതിപ്പിച്ചിരിക്കും. സാഞ്ചിയിലെ സ്തൂപത്തിൽ നിന്നും എടുത്ത ചക്രം കർമ്മത്തിന്റെ പ്രതീകമാണ്. ആന്ധ്രാപ്രദേശുകാരനായ പിംഗലി വെങ്കയ്യ രൂപകൽപ്പന ചെയ്ത ഈ പതാക, 1947 ജൂലൈ 22-നു ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതി അംഗീകരിച്ചു. ദേശീയപതാകയിലെ കുങ്കുമനിറം ധൈര്യത്തിനേയും ത്യാഗത്തിനേയും സൂചിപ്പിക്കുന്നു. വെള്ളനിറം സത്യം, സമാധാനം എന്നിവയുടെ പ്രതീകമാണ്. പച്ചനിറം അഭിവൃദ്ധിയും വിശ്വാസവും ഫലസമൃദ്ധിയും പ്രതിനിധീകരിക്കുന്നു.

22. അക്ഷരത്തെറ്റുകൾ പരിശോധിച്ച് ഉചിതചിഹ്നത്തോടെ വാക്യശുദ്ധി വരുത്തുക.

(a) എന്തെങ്കിലും കുറ്റങ്ങൾ നേതാവ് ചെയ്യുന്നുണ്ടെങ്കിലും പക്ഷെ അതെല്ലാം തിരുത്താൻ അനുയായികൾ ബാധ്യസ്ഥരാണ്

(b) കർഷകർ അന്നത്തിനായി അന്നന്നത്തെ കഷ്ടപ്പെടുന്നവരാണ് എങ്കിലും സന്തോഷത്തോടെ ജിവിച്ചു.

**(8 × 2 = 16 Marks)**

III. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ആശയവിനിമയം എന്നാലെന്ത്? ഇതിന്റെ പ്രധാന ഘട്ടങ്ങൾ ഏതെല്ലാമെന്ന് വിവരിക്കുക.

24. ലോകം ആഗോളഗ്രാമമാണ് എന്ന സങ്കൽപ്പത്തിലേക്ക് എത്തുന്നതിന് നവമാധ്യമങ്ങൾ കൂടുതൽ സംഭാവനകൾ നൽകുന്നുണ്ട് - പരിശോധിക്കുക.

25. ആശയവിപുലനം നടത്തുക.

ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതി തൻ
ത്രാസു പൊങ്ങുന്നതും താനേ താണു പോവതും

26. ഓൺലൈൻ ക്ലാസ്സുകൾ - സാധ്യതകളും പരിമിതികളും വിശദമാക്കുക.

27. ടെലിവിഷൻ വാർത്തകളുടെ സവിശേഷതകൾ എന്തെല്ലാം?

28. സൈബർ സാഹിത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

29. സർഗ്ഗാത്മകകൃതിയുടെ രചനയിലെ വിവിധ ഘട്ടങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

30. വിവർത്തനത്തെ ഒരു സാംസ്കാരികപ്രവർത്തനമെന്നു വിളിക്കാൻ കഴിയുമോ? ചർച്ച ചെയ്യുക.

31. വാമൊഴിയും വരമൊഴിയും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ജീവിതരീതിയിലും സംസ്കാരത്തിലും സിനിമകൾ ഇടപെടുന്നതെങ്ങനെ? കാലികമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന സിനിമകളുടെ രീതി ചർച്ച ചെയ്യുക.

33. സമൂഹമാധ്യമങ്ങൾ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഇടപെടുന്നതെങ്ങനെ? ഗുണദോഷങ്ങൾ പ്രതിപാദിക്കുക.

34. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മാധ്യമങ്ങൾക്ക് സ്വാധീനം ചെലുത്താനാവുമോ? വിലയിരുത്തുക.

35. ഏതു തരം വിവർത്തനവും സമൂഹത്തിന്റെ പുരോഗതിക്ക് അനിവാര്യമായ ഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ട് - വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---